"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം വെങ്ങാനൂർ ശ്രീ.അയ്യങ്കാളി സ്മാരക യു.പി. സ്കൂളിലെ എൽ.പി.എസ്.റ്റി. ആയ ശ്രീമതി ഷിനി എ.എസ്. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1642/2026/GEDN തീയതി,തിരുവനന്തപുരം, 24-02-2026

---

പരാമർശം:-

1. ശ്രീമതി ഷിനി എ.എസ്. സമർപ്പിച്ച 07/08/2025-ലെ റിവിഷൻ ഹർജി.
2. ബാലരാമപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18/09/2025-ലെ AEOBRM/635/2025-F നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25/09/2025-ലെ എഫ്1/18007/2025/ഡിജിഇ നമ്പർ കത്ത്.
4. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 09/10/2025-ലെ ഡിഡിഇ/3963/2025-ബി5 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം വെങ്ങാനൂർ ശ്രീ.അയ്യങ്കാളി സ്മാരക യു.പി. സ്കൂളിലെ എൽ.പി.എസ്.റ്റി. ആയ ശ്രീമതി ഷിനി എ.എസ്.ന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ ഹർജിക്കാരിയെയും ബന്ധപ്പെട്ട കക്ഷികളെയും 10/10/2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരിയായ ശ്രീമതി ഷിനി എ.എസ്. ന്റെ വാദം:**

വെങ്ങാനൂർ ശ്രീ.അയ്യംകാളി സ്മാരക യു.പി. സ്കൂൾ മാനേജർ ശ്രീമതി ഷിനി എ.എസ്. നെ 05/06/2006 മുതൽ SAS/2006-07/01 തീയതി 05/06/2006 നമ്പർ ഉത്തരവ് പ്രകാരം 2006-07 വർഷം പ്രതീക്ഷിച്ച അധിക എൽ.പി.എസ്.റ്റി. തസ്തികയിൽ നിയമിച്ചു. നിയമനാംഗീകാരത്തിന് ബാലരാമപുരം ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ച പ്രപ്പോസൽ പരിശോധിച്ച് 17/08/2005 ലെ സ.ഉ.(പി)317/2005/പൊ.വി.വ ഉത്തരവിൽ അധിക തസ്തികയിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് നിയന്ത്രണങ്ങൾ കാരണം പരാതിക്കാരിയുടെ 05/06/2006 മുതലുള്ള നിയമനാംഗീകാരം നിരസിച്ചു. തുടർന്ന് നെയ്യാറ്റിൻകര ജില്ല വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ച അപ്പീൽ പരിശോധിച്ച് നിയമനാംഗീകാരം നിരസിച്ചതിന് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ച തടസവാദം നിലനിൽക്കുന്നു എന്ന കാരണത്താൽ ബി6/1592/07 തീയതി 15/05/2007 ഉത്തരവ് പ്രകാരം അപ്പീലും നിരസിച്ചു. തുടർന്ന് ഡി.ഡിസ്/ആർ.എ(1)/51002/11/ഡിപിഐ തീയതി 10/02/2012 നമ്പർ ഉത്തരവിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ ഈ വിഷയം പരിശോധിച്ച് മാനേജർ അധിക തസ്തികയിൽ

2006-07 മുതൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടോ അത്രയും നമ്പർ സംരക്ഷിതാദ്ധ്യാപകരെ സ്വീകരിച്ചുകൊള്ളാമെന്ന് 12/01/2010 ലെ സ.ഉ.(പി)നം.10/2010/പൊ.വി.വ. ഉത്തരവ് പ്രകാരം 50/- രൂപ പത്രത്തിൽ ബോണ്ടു നല്കിയിട്ടുള്ളതിനാൽ ശ്രീ.അയ്യൻ കാളി സ്മാരക യു.പി.എസിൽ 2006-07 മുതൽ 2010-11 വരെ അധിക തസ്തികയിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ 2010-11 വരെ തസ്തിക നിലനില്ക്കുന്നു എങ്കിൽ 2006-07 മുതൽ നിയമനാംഗീകാരം നല്കാൻ നിർദ്ദേശം നല്കി. ഡി.ഡിസ്/ആർ.എ(1)/51002/11/ഡിപിഐ തീയതി 10/02/2013 ഉത്തരവ് നടപ്പാക്കി 05/06/2006 മുതൽ ശ്രീമതി ഷിനി എ.എസ്. ന്റെ എൽ.പി.എസ്.റ്റി. നിയമനം അംഗീകരിച്ചില്ല. 2006-07 വർഷവും 2007-08 വർഷവും അധിക എൽ.പി.എസ്.റ്റി. തസ്തിക നിലവിൽ ഉണ്ടായിരുന്നു. 2008-09 വർഷം അധിക തസ്തിക നഷ്ടപ്പെട്ടു. 05/06/2006 മുതൽ നിയമനം നടത്തിയ അധിക തസ്തികയിൽ ശ്രീമതി ഷിനി എ.എസ്.ന്റെ നിയമനം അംഗീകരിക്കാത്തതിനാൽ 01/06/2010 ലെ ഉത്തരവു പ്രകാരം പരാതിക്കാരിയെ 01/06/2010 മുതൽ അധിക തസ്തികയിൽ നിന്നും 31/03/2010 ൽ സർവ്വീസിൽ നിന്നു വിരമിച്ച ശ്രീമതി പി.ഗിരിജമ്മാൾ ന്റെ റിട്ടയർമെന്റ് വേക്കൻസിൽ മാറ്റി നിയമിച്ചു. ഈ നിയമനം അനുബന്ധം 5 ആയി ചേർത്തിരിക്കുന്ന സ.ഉ.(സാധാ)നം.3569/12/പൊ.വി.വ നമ്പരായ 27-07-2012 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01/06/2010 ലെ ഉത്തരവിൽ തന്നെ അംഗീകരിച്ചു. 01/06/2011 ന് മുമ്പുള്ള കാലഘട്ടത്തിലെ നിയമനവും സേവന കാലഘട്ടവും എങ്ങനെ കണക്കാക്കണം എന്ന് അന്തിമ തീരുമാനം സർക്കാർ എടുത്തിട്ടില്ല. അതിനാലാണ് 01/06/2011 മുതൽ നിയമനം അംഗീകരിക്കുവാൻ നിർദ്ദേശിക്കുന്നത് എന്ന് 27/07/2012 ലെ സ.ഉ.(സാധാ)3569/12/പൊവിവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 01/10/2011 ലെ വിദ്യാഭ്യാസ പാക്കേജ് ഉത്തരവായ സ.ഉ(പി)നം.199/2011/പൊ.വി.വ ഉത്തരവിൽ 2006-07 മുതൽ അധിക തസ്തികയിലെ നിയമനങ്ങൾ അംഗീകരിക്കാതെ തുടരുന്ന അദ്ധ്യാപകരുടെ നിയമനങ്ങൾ 01/06/2011 മുതൽ അംഗീകരിക്കുവാൻ നിർദ്ദേശിച്ചു. അതിനാലാണ് ശ്രീമതി ഷിനി എ.എസ്. ന്റെ വിരമിക്കൽ ഒഴിവിലെ 01/06/2010 മുതലുള്ള നിയമനവും 01/06/2011 മുതൽ അംഗീകരിക്കുവാൻ നിർദ്ദേശിച്ചത്. ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ശ്രീമതി ഷിനി എ.എസ്. ന്റെ 05/06/2006 മുതലുള്ള അധിക തസ്തികയിലെ നിയമനം 05/06/2006 മുതൽ 14/07/2008 വരെയും 01/06/2011 മുതൽ തുടർച്ചയായ അംഗീകരിച്ച നിയമനം റിവൈസ് ചെയ്ത് നിയമന തീയതിയായ 01-06-2010 മുതൽ അംഗീകരിക്കാവുന്നതാണെന്നാണ് ഹർജിക്കാരുടെ വാദം

10/09/2021 ലെ സ.ഉ.(സാധാ)നം.3986/2021/പൊ.വി.വ ഉത്തരവിൽ ശ്രീ.അയ്യൻകാളി സ്മാരക യു.പി.എസ്. മാനേജർ 12/01/2010 ലെ ജി.ഒ.(പി)നം.10/2010/പൊ.വി.വ ഉത്തരവിന്റെ പാര 5 നിർദ്ദേശം പാലിച്ച് ബോണ്ടു സമർപ്പിച്ചിരുന്നു എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഇതേ സ്കൂളിലെ തന്നെ ശ്രീമതി ഷാനി റോബർട്ടിന്റെ നിയമനം 05/06/2006 മുതൽ അംഗീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നു. സർക്കാർ ഉത്തരവ് നടപ്പാക്കി ബാലരാമപുരം ഉപ ജില്ല വിദ്യാഭ്യാസ ഓഫീസർ ശ്രീമതി ഷാനി റോബർട്ടിന്റെ നിയമനം 05/06/2006 മുതൽ അംഗീകരിക്കുകയും ചെയ്തു. G.O.(P)10/10/G.Edn ഉത്തരവ് പ്രകാരം മാനേജർ ബോണ്ട് സമർപ്പിച്ചിട്ടുണ്ടെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറും കണ്ടെത്തിയിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ 2006-07 മുതൽ ഉള്ള അധിക തസ്തികയിലെ നിയമനങ്ങൾ അധിക തസ്തികകൾ നിലനില്ക്കുന്നതുവരെ അംഗീകരിക്കുവാൻ നർദ്ദേശിച്ചിരുന്നതുമാണ്. എന്നാൽ 12/01/2010 ലെ 10/2010/പൊ.വി.വ ഉത്തരവ് പ്രകാരം

ബോണ്ട സമർപ്പിക്കാതെ 2006-07 മുതൽ അധിക തസ്തികയിൽ നിയമിച്ചിരുന്ന നിരവധി മാനേജ്മെന്റുകളിലെ നിയമനങ്ങൾ 12/01/2010 ലെ സ.ഉ.(പി)നമ്പർ 10/2010/പൊ.വി.വ. ഉത്തരവ് പ്രകാരം ഭാവിയിൽ ഉണ്ടാകുന്ന ഒഴിവിൽ മാനേജർ ബോണ്ട സമർപ്പിച്ചതായി കണക്കാക്കി ഡീമിംഗ് പ്രൊവിഷൻ അനുസരിച്ച് നിയമനങ്ങൾ അംഗീകരിച്ചിരുന്നു. ഉദാഹരണമായി എസ്.എൻ.ഡി.പി യോഗം കോർപ്പറേറ്റ് മാനേജമെന്റിൽ ഇതേ കാലഘട്ടത്തിൽ അധിക തസ്തികയിൽ 2006-2007 ഉം 2010-2011 ഉം മദ്ധ്യേ നിയമിതരായ ശ്രീമതി എം.എം.ശ്രീദേവി മുതൽ 11 പേർ ചേർന്ന് ബഹുഃഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നമ്പർ 15219/2013 ഫയൽ ചെയ്ത് തങ്ങളുടെ നിയമനങ്ങൾ നിയമന തീയതി മുതൽ അംഗീകരിക്കുവാൻ സർക്കാരിനോട് നിർദ്ദശിക്കുവാൻ അപേക്ഷിച്ചു. ബഹുഃ ഹൈക്കോടതി റിട്ട് പെറ്റീഷൻ അനുവദിക്കുകയും പാരതിക്കാരായ 11 പേരുടെയും നിയമനങ്ങൾ നിയമന തീയതി മുതൽ അംഗീകരിക്കുവാൻ നിർദ്ദേശിച്ചു. ശ്രീമതി ശ്രീദേവി മുതൽ 11 പേർ ചേർന്നു ഫയൽ ചെയ്തിരുന്ന റിട്ട് പെറ്റീഷൻ വിധിക്കതിരെ സർക്കാർ റിട്ട് അപ്പീൽ നമ്പർ 2290/2015 ഫയൽ ചെയ്തു. ബഹുഃ ഹൈക്കോടതി ഡിവിഷൻ ബഞ്ച് റിട്ട് പെറ്റീഷൻ വിധി ശരിവച്ച് സർക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീൽ ഡിസ്മിസ് ചെയ്തു. തുടർന്ന് സർക്കാർ G.O.(Rt)NO.2565/2018/G.Edn നമ്പരായ 09/07/2015 ലെ സർക്കാർ ഉത്തരവ് പ്രകാരം ശ്രീദേവി മുതൽ 11 പേരെയും അവരവരുടെ നിയമന തീയതി മുതൽ അതാതു സ്കൂളിൽ അംഗീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ച് നിയമനങ്ങൾ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് ഇതേ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതേ കോർപ്പറേറ്റ് മാനേജ്മെന്റിലും മറ്റു മാനേജ്മമെന്റുകളിലും നിരവധിപേരെ നിയമന തീയതി മുതൽ അംഗീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചു.

W.P.(C)No.31225/2016 എന്ന റിട്ട് പെറ്റീഷന്റെ 02/12/2016 ലെ വിധിയിൽ പരാതിക്കാരിക്ക് സമാനമായി കിടങ്ങന്നൂർ എസ്.വി.ജി.വിഎച്ച്.എസ്.എസ് ലെ ശ്രീമതി എസ്.ജയ മുതൽ 6 അദ്ധ്യാപകരെ നിയമന തീയതി മുതൽ അംഗീകരിക്കുവാൻ ബഹുഃഹൈക്കോടതി നിർദ്ദേശിച്ചതനുസരിച്ച് അവരുടെ നിയമനങ്ങൾ നിയമന തീയതി മുതൽ അംഗീകരിച്ചു. ശ്രീമതി സിസിലിയാമ്മ വർഗ്ഗീസ് മുതൽ 5 പേർ ചേർന്ന് ബഹുഃഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന റിട്ട് പെറ്റീഷൻ അനുവദിച്ച് പരാതിക്കാരെ നിയമന തീയതി മുതൽ അംഗീകരിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട ബഹുഃ ഹൈക്കോടതിയുടെ പരാമശം ഇങ്ങനെ

"This Court in several decisions has considered the issue and has held that non execution of the bond by the Manager cannot be a ground for refusal to approve the appointment of persons appointed against regular vacancies" തുടർന്ന് 01/06/2007 മുതലുള്ളതും 06/07/2010 മുതലുള്ളതുമായ നിയമനങ്ങളും സ്ഥാനകയറ്റവും അംഗീകരിക്കുവാൻ നിർദ്ദേശിച്ചു. ബഹുഃഹൈക്കോടതി നിർദ്ദേശം സർക്കാർ നടപ്പാക്കി നിയമനങ്ങളും സ്ഥാനകയറ്റവും അംഗീകരിച്ചു.

മറ്റൊരു കേസിൽ W.P(C)No.6824/2016 ലെ ബഹുഃഹൈക്കോടതി വിധി നടപ്പാക്കി സർക്കാർ 16/02/2017 ലെ G.O.(Rt)No.410/2017/G.Edn പ്രകാരം നടുവത്തൂർ ഇസ്ലാം യു.പി. സ്കൂളിലെ ശ്രീമതി സലീന, ശ്രീമതി ലൈല റ്റി.കെ., ശ്രീമതി കെ.എസ്.ഷാബിത എന്നിവരുടെ നിയമനങ്ങളും നിയമന തീയതി മുതൽ അംഗീകരിക്കുവാൻ സർക്കാർ ഉത്തരവായി. 28/02/2020 ലെ സ.ഉ.(സാധാ)നം.1005/2020/പൊ.വി.വ. നമ്പരായ 28/02/2020 ലെ ഉത്തരവ്

പ്രകാരം ആർ.സി. കോർപ്പറേറ്റ് മാനേജ്മെന്റിൽ അഞ്ചുതെങ്ങു സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂളിൽ 01/06/2011 മുതൽ നിയമനം അംഗീകരിച്ച് സർവ്വീസിൽ തുടർന്നിരുന്ന ശ്രീമതി ഫ്ലോറി പീറ്റർ, ശ്രീമതി പ്രേമ എന്നിവരുടെ നിയമനങ്ങൾ റഗുലർ സ്കെയിലിൽ നിയമന തീയതിയായ 01/06/2009 മുതൽ അംഗീകരിക്കുവാൻ നിർദ്ദേശിച്ചു. ഇതിന് സമാനമായ ആനുകൂല്യമാണ് ശ്രീമതി തുഷാര ജെ.കെ. ക്ക് സർക്കാർ 08/03/2021 ലെ സ.ഉ.(സാധാ)നം.2111/2021/പൊ.വി.വ. ഉത്തരവിൽ നല്കിയിട്ടുള്ളത്. തുടർന്നു സർക്കാർ തന്നെ 06/02/2021 ലെ സ.ഉ.(അച്ചടി)നം.04/2021/പൊ.വി.വ ഉത്തരവിലെ പാര 6 പ്രകാരം 12/01/2010 ലെ സ.ഉ.(പി)നം.10/2010 ഉത്തരവിലെ 5, 6 വ്യവസ്ഥകൾ പാലിക്കാതെ മാനേജർ നിയമനം നടത്തിയിട്ടുള്ള കേസുകളിൽ തത്തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ ബഹു: സുപ്രീംകോടതിയിൽ നിലനില്ക്കുന്ന കേസിന്റെ വിധിക്കു വിധേയമായി നടപ്പാക്കിയാൽ മതിയെന്ന നിബന്ധനയോടെ നിയമിക്കപ്പെട്ടവരുടെ നിയമനം അംഗീകരിക്കുവാൻ നിർദ്ദേശിച്ചു

ശ്രീമതി ഷിനി എ.എസ്. നെ സമാനമായി തിരുവനന്തപുരം ഫോർട്ട് ഗേൾസ് മിഷൻ ഹൈസ്കൂളിൽ 04/06/2006 മുതൽ അധിക തസ്തികയിൽ നിയമിച്ച് തുടർന്നുവരവെ, അധിക തസ്തികയിൽ നിയമനം അംഗീകരിക്കാത്തതിനാൽ 01/06/2010 മുതൽ റിട്ടയർമെന്റ് വേക്കൻസിലേക്ക് മാറ്റി നിയമിച്ച് 01/06/2011 മുതൽ അംഗീകരിച്ചിരുന്ന ശ്രീമതി ലിജി ജോൺ ന്റെ നിയമനം സ.ഉ.(സാധാ)നം.2629/2025/പൊവിവ തീയതി 15/04/2025 നമ്പർ ഉത്തരവ് പ്രകാരം 04/06/2007 മുതൽ 31/05/2011 വരെ അംഗീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചു.

ശ്രീ.അയ്യൻകാളി സ്മാരക യു.പി.എസ്. പുതിയതായി ഉയർത്തപ്പെട്ട വിഭാഗത്തിൽ ഉൾപ്പെടുന്ന സ്കൂളാണ്. പുതിയതായി ഉയർത്തപ്പെടുന്ന സ്കൂളിന്റെ പ്രീ അപ്ഗ്രേഡ് വിഭാഗത്തിലെ ഒഴിവുകളിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് ഏതെങ്കിലും ഒരു കാറ്റഗറിയിൽ ഒരു സംരക്ഷിതാദ്ധ്യാപകന് സ്വീകരിച്ചിരിക്കണം എന്ന നിയമം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XXI ചട്ടം 7(3) പ്രകാരം ബാധകമല്ല. അതിനാൽ ശ്രീ.അയ്യൻകാളി സ്മാരക യു.പി.എസ്.ലെ 05/06/2006 ലെ ശ്രീമതി ഷിനി എ.എസ്. ന്റെ എൽ.പി.എസ്.റ്റി. നിയമനം അംഗീകരിക്കുവാൻ സംരക്ഷിതാദ്ധ്യപകൻ ജോയിൻ ചെയ്തില്ല എന്ന തടസവാദം നിലനില്ക്കുകയില്ല. അപ്ഗ്രേഡ് സെക്ഷന് പോലും 19/12/2013 ലെ ബഹു:കേരള ഹൈക്കോടതിയുടെ റിട്ട് അപ്പീൽ നമ്പർ 178/2012 എന്ന നദീറയും സംസ്ഥാന സർക്കാർ കേസിൽ മാനേജർക്ക് ലിസ്റ്റ് നല്കിയാൽ മാത്രമേ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിന് ബാദ്ധ്യതയുള്ളു എന്ന് ഉത്തരവായിരുന്നു. ഉത്തരവിന്റെ പ്രസക്തഭാഗം ഇങ്ങനെ

"It is needless to say that as per Rule 6(vii) of chapter V of the Kerala Education Rules the only obligation cast on the Manager of the aided schools is they must appoint the protected teachers, whenever a list is sent. Beyond that, there is no other obligation cast on them." സ.ഉ.(സാധാ)നം.3986/2021/പൊവിവ തീയതി 10/09/2021 നമ്പർ സർക്കാർ ഉത്തരവിൽ, സർക്കാർ തന്നെ ഈ വസ്തുത വിവരിച്ച് തുടർന്നുള്ള പരിശോധനയിൽ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറോ നെയ്യാറ്റിൻകര ജില്ല വിദ്യാഭ്യാസ ഓഫീസറോ ശ്രീ.അയ്യൻകാളി സ്മാരക യു.പി.എസ്. മാനേജർക്ക് സംരക്ഷിതാദ്ധ്യാപകരുടെ ലിസ്റ്റ് സർക്കാർ നല്കിയിട്ടില്ലെന്നും സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന നിർദ്ദേശം മാനേജർ ബോധപൂർവ്വം ലംഘിച്ചിട്ടില്ലെന്നും സംരക്ഷിതാദ്ധ്യാപകരുടെ ലിസ്റ്റ് ലഭിക്കാത്തതുകൊണ്ടു മാത്രമാണ് സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാതിരുന്നതെന്നും വസ്തുതകൾ പരിശോധിച്ച്

സർക്കാർ ബോദ്ധ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ.അയ്യൻകാളി സ്മാരക യു.പി.എസിന്റെ അപ്ഗ്രേഡ് വിഭാഗത്തിൽ നിയമിച്ചിരുന്ന ശ്രീമതി ഷാനി റോബർട്ടിന്റെ 01/06/2011 മുതൽ അംഗീകരിച്ചിരുന്ന തയ്യൽ റ്റീച്ചർ അദ്ധ്യാപിക നിയമനം, നിയമന തീയതിയായ 05/06/2006 മുതൽ അംഗീകരിക്കുവാൻ നിർദ്ദേശിച്ചു. സ.ഉ.(സാധാ)നം.2111/2021/പൊവിവ തീയതി 08/03/2021 നമ്പർ ഉത്തരവിൽ ശ്രീമതി ഉഷാരയുടെ 01/06/2005 മുതൽ 31/01/2006 വരെയുള്ള എച്ച്.എസ്.റ്റി. (ഗണിതം) നിയമനം അംഗീകരിച്ചതും ഇതേ തത്വത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ഇതു കൂടാതെ ശ്രീമതി ഷിനി എ.എസ്. ന്റെ കേസിന് സമാനമായി Smt.Nadeera T.S. & another V State of Kerala & Others (2011 (3) KLT 790) കേസിന്റെ റൂളിംഗിൽ 19/11/2009 ന്റെ ഉത്തരവിന് മുൻകാല പ്രാബല്ല്യം ഇല്ല എന്നും 19/11/2009 ശേഷം ഉണ്ടാകുന്ന ഒഴിവുകളിലേക്ക് മാത്രമേ ലിസ്റ്റ് നല്കിയാൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതായിട്ടുള്ളു എന്നതിനാൽ ശ്രീമതി നദീറയുടെയും മറ്റുള്ളവരുടെയും നിയമനങ്ങൾ അംഗീകരിക്കുവാൻ നിർദ്ദേശിച്ചു. നദീറയുടെ കേസിന് സമാനമായി ഹസീനയും മറ്റുള്ളവരും ഫയൽ ചെയ്ത കേസിലും ബഹു:ഹൈക്കോടതിയിൽ നിന്നും സമാന വിധിയുണ്ടായി. ഈ വിധിക്കതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തെങ്കിലും ഡിസ്മിസ് ചെയ്യപ്പെട്ടു.

നദീറയും മറ്റുള്ളവർ കേസിനും ശ്രീമതി ഹസീനയും മറ്റുള്ളവർ കേസിനും സമാനമായി എസ്.എൻ. ട്രസ്റ്റ് മാനേജ്മെന്റിലെ നങ്ങ്യാർകുളങ്ങര എസ്.എൻ.റ്റി ഹയർ സെക്കന്ററി സ്കൂളിലെ ശ്രീമതി ബിന്ദു കെ. കരുണൻ, ശ്രീമതി ദീപാ മാധവൻ, ശ്രീ.പി.എൻ.അനിൽ കുമാർ എന്നിവർ ചേർന്ന് ഫയൽ ചെയ്തിരുന്ന WP(C)No.8979/15 ന്റെ വിധിന്യായത്തിൽ നദീറ കേസിനും ഹസീന കേസിനും സമാനമായി സർക്കാർ പരിശോധിച്ച് തീർപ്പാക്കാൻ നിർദ്ദേശിച്ച കേസിൽ സർക്കാർ വിശദമായി പരിശോധിച്ച് ശ്രീമതി ബിന്ദു കെ. കരുണന്റെയും, ശ്രീമതി ദീപ മാധവന്റെയും ശ്രീ.പി.എൻ.അനിൽ കുമാറിന്റെയും കേസുകൾ 11/11/2015 ലെ G.O.(Rt)No.5290/2015/G.Edn ഉത്തരവുണ്ടാവുകയും നിയമന തീയതി മുതൽ ശ്രീമതി ബിന്ദു കെ. കരുണനെയും, ശ്രീമതി ദീപാ മാധവനെയും ശ്രീ.പി.എൻ. അനിൽ കുമാറിനെയും അംഗീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. സർക്കാർ ഉത്തരവിന്റെ പ്രസക്ത ഭാഗം ഇങ്ങനെ "Government have examined the matter in detail. In T.S. Nadeera & Another Vs. The State of Kerala & Others (2011 (3)KLT 790) the Hon'ble High Court has observed that the Manager has already appointed a protected hand in terms of rule 6 (viii) of Chapter V of KER. There is no enabling provision which allows the Educational Officer to postpone the approval till a protected hand is appointed as per the recent Government order dated 19-11-2009, which have only prospective effect. The Writ Appeal Nos. 178 & 179 filed by the State against judgment in Nadeera's case had been dismissed vide judgement dated 19-2-2013 (2013 (2) KLT 88). Supreme Court also dismissed SLP filed against the said judgment."

മുകളിൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ റിവിഷൻ ഹർജി അനുവദിച്ച് ശ്രീമതി ഷിനി എ.എസ്. ന്റെ അധിക തസ്തികയിലെ 05/06/2006 മുതലുള്ള നിയമനം, നിയമന തീയതി മുതൽ തസ്തിക നിലനിന്നിരുന്ന 14/07/2008 വരെയും തുടർന്ന് 01/06/2011 മുതൽ അംഗീകരിച്ച വിരമിക്കൽ ഒഴിവിലെ നിയമനം, നിയമന തീയതിയായ 01/06/2010 മുതൽ തുടർച്ചയായി അംഗീകരിക്കുവാൻ ബാലരാമപുരം ഉപ ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം (01-06-2011 മുതൽ നിയമനം അംഗീകരിച്ചിട്ടുണ്ട്.) നല്കണമെന്നും അപേക്ഷിക്കുന്നു.

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.

വെങ്ങാനൂർ എസ്.എ.എസ്.യു.പി. സ്കൂളിലെ ശ്രീമതി ഷിനി എ. എസ്. നെ എൽ.പി.എസ്.റ്റി. ആയി മാനേജർ 05/06/2006 മുതൽ അധിക തസ്തികയിൽ നിയമിച്ചു. അധിക തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ബാലരാമപുരം എ.ഇ.ഒ യിൽ നിന്നും നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും പ്രസ്തുത നിയമനം നിരസിച്ചു നൽകി. 2008-09 ൽ കുട്ടികളുടെ കുറവ് കാരണം ഒരു എൽ.പി.എസ്.റ്റി. തസ്തിക നഷ്ടമാകുകയും 15/07/2008 മുതൽ 31/03/2010 വരെ ടി അധ്യാപികയ്ക്ക് ടി സ്കൂളിൽ നിലനിൽക്കുവാൻ തസ്തിക ലഭ്യമല്ലാതാവുകയും ചെയ്തു.

തുടർന്ന് ടി സ്കൂളിലെ എൽ.പി.എസ്.റ്റി. ശ്രീമതി ഗിരിജമ്മാൾ പി. 31/03/2010 ന് വിരമിച്ച ഒഴിവിൽ 01/06/2010 മുതൽ എൽ.പി.എസ്.റ്റി. ആയി ശ്രീമതി ഷിനി എ. എസ്. നെ മാനേജർ നിയമിച്ചു. വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറുടെ പൊതു ഉത്തരവ് നമ്പർ ഡി.ഡിസ്/ആർ.എ1/51002/11/ഡി.പി.ഐ. തീയതി 10/02/2012 പ്രകാരം 2006-2007 മുതൽ അഡീഷണൽ തസ്തികയിൽ നിയമിച്ചിട്ടുള്ളവർക്ക് 2010-11 വരെ തസ്തിക നിലനിൽക്കുന്നുവെങ്കിൽ 01/11/2011-ലെ ജി.ഒ.(പി)നം.99/11 ഉത്തരവ് പ്രകാരം 01/06/2007 മുതൽ അംഗീകാരം നൽകാവുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ 05/06/2006 മുതൽ ടി അധ്യാപികയെ നിയമിച്ചിരുന്ന അധിക തസ്തിക 2008-09 ൽ കുട്ടികളുടെ കുറവ് കാരണം നഷ്ടമായതിനാൽ പ്രസ്തുത ഉത്തവ് പ്രകാരം ടി നിയമനം അംഗീകരിക്കുവാൻ സാധിക്കില്ലായിരുന്നു. സ.ഉ.(സാധാ)നം.3569/12/പൊ.വി.വ. തിയതി 27/07/2012 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01/06/2011 മുതൽ ശ്രീമതി ഷിനി എ.എസ്. ന് എൽ.പി.എസ്.റ്റി. തസ്തികയിൽ നിയമനാംഗീകാരം നൽകിയിട്ടുണ്ട്.

ശ്രീമതി ഷിനി എ.എസ്. സമർപ്പിച്ച റിവിഷൻ ഹർജിയിൽ 05/06/2006 മുതൽ 14/07/2008 വരെയുള്ള അധിക തസ്തികയിലെ നിയമനം അംഗീകരിക്കുവാനും 01/06/2011 മുതൽ അംഗീകരിച്ച് നൽകിയ വിരമിക്കൽ ഒഴിവിലെ നിയമനം 01/06/2010 മുതൽ അംഗീകരിക്കാനുമാണ് ശ്രീമതി ഷിനി എ.എസ്. ആവശ്യപ്പെട്ടിരിക്കുന്നത്. 05/06/2006 മുതൽ 14/07/2008 വരെയും 01/06/2010 മുതലും തസ്തിക വ്യവസ്ഥാപിതമാണ് എന്ന വിവരം 18/09/2025-ലെ എഫ്/635/25 നമ്പർ കത്ത് പ്രകാരം ബാലരാമപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2006-2007 മുതലുള്ള അഡീഷണൽ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട ഉത്തരവ് G.O.(P)No.10/10/G.Edn Dated 12/01/2010 നിലവിൽ ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ് ഉള്ളത്. ആയതിനാൽ കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി ടിയാളുടെ 05/06/2006 മുതൽ 14/07/2008 വരെയും അതുപോലെ ശ്രീമതി ഗിരിജമ്മാൾ പി. 31/03/2010 ന് വിരമിച്ച തസ്തികയിലെ 01/06/2010 മുതലുള്ള നിയമനവും പരിഗണിക്കാവുന്നതാണ്.

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വെങ്ങാനൂർ ശ്രീ. അയ്യങ്കാളി സ്മാരക യു.പി.എസ്.ലെ അധിക തസ്തികയിൽ ശ്രീമതി സിനി എ.എസ്.നെ എൽ.പി.എസ്.റ്റി. ആയി 05/06/2006 മുതൽ നിയമിച്ചു. അധിക തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിന് നിയന്ത്രണം നിലനിന്നിരുന്നതിനാൽ പ്രസ്തുത നിയമനം നിരസിച്ചു. തുടർന്ന് 2008-2009-ലെ തസ്തിക നിർണയത്തിൽ ഒരു എൽ.പി.എസ്.റ്റി. തസ്തിക നഷ്ടമാവുകയും ചെയ്തു. ടി സ്കൂളിലെ

എൽ.പി.എസ്.റ്റി. ആയിരുന്ന ശ്രീമതി ഗിരിജമ്മാൾ പി. 31/03/2010 ന് വിരമിച്ച ഒഴിവിൽ 01/06/2010 മുതൽ ശ്രീമതി ഷിനി എ.എസ്.നെ നിയമിച്ചു. 05/06/2006 മുതൽ ശ്രീമതി ഷിനി എ.എസ്.നെ നിയമിച്ചിരുന്ന അധിക തസ്തിക നഷ്ടമായതിനാൽ പ്രസ്തുത നിയമനം അംഗീകരിക്കപ്പെട്ടില്ല.

5. 01/10/2011 ലെ ജി.ഒ.(പി) നം.199/2011/പൊവിവ ഉത്തരവിൽ 2006-2007 മുതൽ അധിക തസ്തികയിലെ നിയമനങ്ങൾ അംഗീകരിക്കാതെ തുടരുന്ന അധ്യാപകരുടെ നിയമനങ്ങൾ 01/06/2011 മുതൽ അംഗീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 27/07/2012 ലെ ജി.ഒ.(ആർ.റ്റി) നം.3569/12/പൊവിവ പ്രകാരം ശ്രീമതി ഷിനി എ.എസ്.ന്റെ ശ്രീമതി ഗിരിജമ്മാൾ പി. വിരമിച്ച ഒഴിവിലെ നിയമനം 01/06/2011 മുതൽ അംഗീകരിച്ചു നൽകിയിരുന്നു. 01/06/2011 ന് മുൻപുള്ള നിയമനവും സേവന കാലഘട്ടവും എങ്ങനെ കണക്കാക്കണമെന്ന് സംബന്ധിച്ച് പൊതു തീരുമാനം വരുന്ന മുറയ്ക്ക് ശ്രീമതി ഷിനി എ.എസ്.ന്റെ 01/06/2011 ന് മുൻപുള്ള സേവന കാലഘട്ടത്തിൽ അന്തിമ തീരുമാനം എടുക്കുന്നതാണ് എന്നാണ് ടി ഉത്തരവിൽ പരാമർശിച്ചിരിക്കുന്നത്. അധിക തസ്തികയിലെ നിയമനത്തിലെ സേവനകാലം ക്രമീകരിക്കുന്നത് സംബന്ധിച്ച് പൊതു തീരുമാനം വരുമ്പോൾ ശ്രീമതി ഷിനിയുടെ ആവശ്യം പരിഹരിക്കപ്പെടാത്ത പക്ഷം വീണ്ടും സർക്കാരിനെ സമീപിക്കാൻ ഈ ഉത്തരവിൽ നിർദ്ദേശമുണ്ട്.

6. 05/06/2006 മുതൽ 14/07/2008 വരെയും 01/06/2010 മുതലുള്ള കാലയളവും ശ്രീമതി ഷിനിക്ക് തസ്തിക ലഭ്യമാണെന്ന് വിദ്യാഭ്യാസ ഓഫീസർമാർ അറിയിച്ചിട്ടുണ്ട്.

7. മേൽ സാഹചര്യത്തിൽ വെങ്ങാനൂർ ശ്രീ. അയ്യങ്കാളി സ്മാരക യു.പി.എസ്. മാനേജർ, 12/01/2010-ലെ ജി.ഒ.(പി) നം.10/2010/പൊ.വി.വ. തീയതി പ്രകാരമുള്ള ബോണ്ട് സമർപ്പിച്ചിട്ടുള്ള പക്ഷവും അല്ലെങ്കിൽ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി ഡീമിംഗ് പ്രൊവിഷൻ അനുസരിച്ചും, 05/06/2006 മുതൽ 14/07/2008 വരെയും 01/06/2010 മുതലുള്ള കാലയളവും ശ്രീമതി ഷിനിക്ക് നിലനിൽക്കാൻ വ്യവസ്ഥാപിത തസ്തിക ലഭ്യമാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയമനം അംഗീകരിക്കുവാൻ ബാലരാമപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. മേൽപ്രകാരം തിരുവനന്തപുരം വെങ്ങാനൂർ ശ്രീ.അയ്യങ്കാളി സ്മാരക യു.പി. സ്കൂളിലെ എൽ.പി.എസ്.റ്റി. ആയ ശ്രീമതി ഷിനി എ.എസ്. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീമതി ഷിനി എ.എസ്., എൽ.പി.എസ്.റ്റി., ശ്രീ അയ്യങ്കാളി സ്മാരക യു.പി. സ്കൂൾ, വെങ്ങാനൂർ, തിരുവനന്തപുരം.
മാനേജർ, ശ്രീ അയ്യങ്കാളി സ്മാരക യു.പി. സ്കൂൾ, വെങ്ങാനൂർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ബാലരാമപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/156/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 24-02-2026 14:26:17
സെക്ഷൻ ഓഫീസർ